## ചട്ടം 64 അനുസരിച്ചുള്ള പ്രസ്താവന

മന്ത്രി സ്ഥാനം രാജിവച്ചത് സംബന്ധിച്ച്

ശ്രീ. സജി ചെറിയാൻ: സർ, പത്തനംതിട്ട മല്ലപ്പള്ളിയിൽ നടന്ന പരിപാടിയിൽ ഞാൻ ഭരണഘടനയെ വിമർശിച്ചുവെന്ന രീതിയിൽ വന്ന വാർത്ത വളച്ചൊടിക്കപ്പെട്ടതാണ്. നമ്മുടെ ഭരണഘടനയെ ബഹുമാനിക്കുകയും, അതിന്റെ ഉദാത്തമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന പൊതുപ്രവർത്തകനാണ് ഞാൻ. ഞാൻ ഉൾപ്പെടുന്ന പ്രസ്ഥാനം നമ്മുടെ ഭരണഘടനയെയും അതിൽ ഉയർത്തിപ്പിടിച്ചിട്ടുള്ള മൂല്യങ്ങളെയും സംരക്ഷിക്കണമെന്ന ആവശ്യം രാജ്യത്തെമ്പാടും ഉയർത്തിപ്പിടിക്കുന്നവരുടെ കൂട്ടത്തിൽ മുൻപന്തിയിലാണ്. We, the people of India, having solemnly resolved to constitute India into a Sovereign Socialist Secular Democratic Republic and to secure to all citizens: Justice, social, economic and political; Liberty of thought, expression, belief, faith and worship; Equality of status and of opportunity; ….. Fraternity assuring the dignity of the individual and the unity and integrity of the Nation:

ഈ അടിസ്ഥാന മൂല്യങ്ങൾ ഞാനും എന്റെ പ്രസ്ഥാനവും ഉയർത്തിപ്പിടിക്കുന്നതാണ്. ഞാൻ നടത്തിയ പ്രസംഗത്തിൽ രാജ്യത്തിന്റെ മൗലിക അവകാശങ്ങളുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പരാമർശിക്കപ്പെടുകയുണ്ടായി. ആർട്ടിക്കിൾ 14 മുതൽ 18 വരെയുള്ള സമത്വത്തിനുള്ള അവകാശം, ആർട്ടിക്കിൾ 19 മുതൽ 22 വരെയുള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശം, ആർട്ടിക്കിൾ 23-ഉം 24-ഉം ചൂഷണത്തിനെതിരായ അവകാശം, ആർട്ടിക്കിൾ 25 മുതൽ 28 വരെയുള്ള മത സ്വാതന്ത്ര്യത്തിനുള്ള അവകാശം, ആർട്ടിക്കിൾ 29 മുതൽ 30 വരെയുള്ള സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം, ആർട്ടിക്കിൾ 32 - ഭരണഘടനാപരമായ പ്രതിവിധിക്കുള്ള അവകാശം എന്നീ മൗലിക അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നതായിരുന്നു എന്റെ പ്രസംഗത്തിന്റെ ഉള്ളടക്കം. നമ്മുടെ ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങൾ സാമൂഹ്യനീതിയും, സാമ്പത്തിക സുരക്ഷയും എല്ലാവർക്കും ഉറപ്പുവരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവ നടപ്പിലാക്കി കിട്ടണമെന്ന ആവശ്യവുമായി കോടതിയെ സമീപിക്കാനുള്ള അവകാശം ഭരണഘടനയിൽ എഴുതി ചേർക്കപ്പെട്ടിട്ടില്ല. രാജ്യത്ത് ചൂഷണം

ചെയ്യപ്പെടുന്ന ജനകോടികൾക്ക് നീതി ലഭിക്കണമെങ്കിൽ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങൾക്ക് കൂടുതൽ ശാക്തീകരണം അനിവാര്യമാണ്. അല്ലെങ്കിൽ വർദ്ധിച്ചുവരുന്ന അസമത്വങ്ങൾക്കെതിരെ പ്രതിരോധം തീർക്കാൻ ഭരണഘടനയ്ക്ക് ശക്തിയുണ്ടാകുകയില്ലെന്ന ആശങ്കയാണ് എന്റേതായ വാക്കുകളിൽ പ്രകടിപ്പിച്ചത്. ഒരിക്കൽപോലും ഭരണഘടനയോട് അവമതിപ്പുണ്ടാക്കാനോ, അതിനെതിരായി കാര്യങ്ങൾ പറയാനോ ഞാൻ ഉദ്ദേശിച്ചിട്ടില്ല. മാക്സിസം നിരീക്ഷിക്കുന്ന അടിമത്തം, നാടുവാഴിത്തം മുതലാളിത്തം, സോഷ്യലിസം, കമ്മ്യൂണിസം എന്നീ മനുഷ്യരാശിയുടെ വിവിധ ഘട്ടങ്ങളിലെ വളർച്ചയെക്കുറിച്ച് എന്റെ പ്രസംഗത്തിൽ പ്രതിപാദിച്ചു. സാമൂഹിക വികാസത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ച് കാറൽ മാക്സാണ് ശരിയായി വിലയിരുത്തിയിട്ടുള്ളതെന്നും ഞാൻ പറഞ്ഞു. വർഗ്ഗ സമരത്തിന്റെ പ്രശസ്തിയെക്കുറിച്ചും ചരിത്രപരവും വൈവിധ്യാത്മപരവുമായ ഭൗതികവാദത്തെക്കുറിച്ചും ഞാൻ സംസാരിച്ചു. മിച്ചമൂല്യ സിദ്ധാന്തത്തെ പരാമർശിച്ചുകൊണ്ട് രാജ്യത്തുള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നതിനെക്കുറിച്ചും, ശതകോടീശ്വരന്മാർ സൃഷ്ടിക്കപ്പെടുന്നതിനെ കുറിച്ചും ഞാൻ സംസാരിച്ചു. സ്വതന്ത്ര ഭാരതത്തിൽ ഭരണകൂട

സംവിധാനങ്ങൾ ഈ തത്വങ്ങൾ നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടതിന്റെ ഫലമായി സാമ്പത്തിക-സാമൂഹിക അസമത്വങ്ങൾ വളരെ വർദ്ധിക്കുകയാണുണ്ടായത്. നിർദ്ദേശക തത്വങ്ങൾക്ക് ഊടും പാവും നൽകുന്ന നിയമനിർമ്മാണം നടത്താൻ ശ്രമം നടത്തിയ ഇടതുപക്ഷ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരുകളെ പോലും ഭരണഘടനയുടെ വകുപ്പുകൾ ദുരുപയോഗം ചെയ്തുകൊണ്ട് അട്ടിമറിച്ച അനുഭവവും നമ്മുടെ മുന്നിലുണ്ട്. ഇത് എന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് നമ്മുടെ രാജ്യത്ത് ഭൂരിപക്ഷം വരുന്ന സംസ്ഥാനങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റുകളെ ഭൂരിപക്ഷം നോക്കാതെ അട്ടിമറിക്കുന്ന ജനാധിപത്യപരമായ ഭരണകൂടത്തിന്റെ നിലപാടുകളും എന്റെ പ്രസംഗത്തിൽ ഞാൻ പ്രതിപാദിച്ചിട്ടുണ്ട്. ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷത ജനാധിപത്യം, ഫെഡറലിസം എന്നീ തത്വങ്ങൾ വർത്തമാന കാലത്ത് കടുത്ത വെല്ലുവിളി നേരിട്ടുക്കൊണ്ടിരിക്കുകയാണ് എന്നതായിരുന്നു എന്റെ പ്രസംഗത്തിന്റെ കാതൽ. കാശ്മീർ പ്രശ്നം, പൗരത്വ ഭേദഗതി ബിൽ, കാർഷിക നിയമങ്ങൾ, മാധ്യമ സ്വാതന്ത്ര്യത്തിന് നേരെയുള്ള കടന്നുകയറ്റം എന്നിവ ഉദാഹരണങ്ങളായി പറഞ്ഞു.

തൊഴിലാളികൾക്കുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിന് നിലവിലുണ്ടായിരുന്ന നിയമങ്ങളെല്ലാം റദ്ദാക്കിക്കൊണ്ട് ലേബർ കോഡുകൾ രാജ്യത്ത് അടിച്ചേൽപ്പിച്ചത് കൊടിയ ചൂഷണത്തിന് വഴിവയ്ക്കുമെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഇതെല്ലാം രാജ്യത്ത് ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ഭരണകൂട സംവിധാനങ്ങൾ സ്വീകരിക്കുന്ന നയങ്ങളുടെ ഫലമാണ്. ഈ നയങ്ങളാണ് ഭരണഘടനയുടെ അന്തസത്തയേയും മൂല്യങ്ങളെയും തകർക്കുന്നുവെന്ന് ഞാൻ ചൂണ്ടിക്കാട്ടുന്നത്. ഭരണഘടന നിർമ്മാതാക്കളുടെ വീക്ഷണം സാർത്ഥകമാകാതെ പോയത് ഇതുവരെയുള്ള കേന്ദ്ര സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങളുടെ ഫലമാണ്. സ്വാതന്ത്ര്യം ലഭിച്ച് 75 വർഷമായിട്ടും നമ്മുടെ രാജ്യത്ത് മഹാഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് സാമൂഹ്യ നീതി നിഷേധിക്കപ്പെടുന്നത് ചൂണ്ടിക്കാണിക്കണമെന്ന ഒരു പൊതുപ്രവർത്തകന്റെ കടമ നിർവ്വഹിക്കുക മാത്രമെ ഞാൻ ചെയ്തിട്ടുള്ളു. കേന്ദ്ര സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ നയങ്ങളും, കേന്ദ്ര ഏജൻസികളുടെ കടന്നുകയറ്റവും, വിലക്കയറ്റവും, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കലും, ഇന്ധന വില വർദ്ധനവും, സംസ്ഥാന സർക്കാരിന്റെ അവകാശങ്ങൾ കവർന്നെടുക്കുന്നതിനുള്ള

ശ്രമങ്ങളും തുടങ്ങി എന്തിനേറെ പറയുന്നു; ശ്രീ. നാരായണ ഗുരുദേവന്റെ സ്മരണ നിറയുന്ന റിപ്പബ്ലിക്ക് ദിന ഫ്ലോട്ട് തടഞ്ഞതിൽ വരെ എത്തിനിൽക്കുന്ന നടപടികളെയും ശക്തമായി ഞാൻ എന്റെ പ്രസംഗത്തിൽ വിമർശിച്ചിട്ടുണ്ട്. ഭരണഘടനയോടും നീതിന്യായ വ്യവസ്ഥയോടും നിയമസഭയോടും കേരള ജനതയോടുമുള്ള അങ്ങേയറ്റത്തെ കൂറും വിശ്വാസവും ഉയർത്തിപ്പിടിച്ചുകൊണ്ട് 2022 ജൂലൈ 5-ാം തീയതി നിയമസഭയിൽ ഈക്കാര്യങ്ങളെല്ലാം വ്യക്തമാക്കിയിരുന്നു. കൂടാതെ മല്ലപ്പള്ളിയിലെ പ്രസംഗത്തിൽ കാര്യങ്ങൾ ശക്തമായി അവതരിപ്പിച്ചപ്പോൾ അത് ഏതെങ്കിലും രീതിയിൽ തെറ്റായി വ്യഖ്യാനിക്കപ്പെടാനും ഞാൻ ഉദ്ദേശിക്കാത്ത രീതിയൽ കാര്യങ്ങൾക്ക് പ്രചാരണം ലഭിക്കാൻ ഇടവന്നതിലും എന്റെ ദുഃഖവും ഖേദവും സഭയിൽ ഞാൻ രേഖപ്പെടുത്തിയിരുന്നു.

ഈ പ്രസംഗവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കോടതി മുൻപാകെ പരാതി വന്ന സാഹചര്യത്തിൽ ജൂലൈ ആറാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും എന്റെ പാർട്ടിയോടും ആവശ്യപ്പെട്ട് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വൈകുന്നേരം ഞാൻ ധാർമ്മികത

ഉയർത്തിപ്പിടിച്ചുകൊണ്ട് എന്റെ മന്ത്രി സ്ഥാനം രാജിവയ്ക്കുകയാണുണ്ടായത്. നിഷ്പക്ഷവും, നീതിപൂർവ്വവുമായ പരിശോധനയ്ക്ക് മന്ത്രി സ്ഥാനം ഒരു തടസ്സമാകാൻ പാടില്ലെന്നാണ് ഞാൻ കരുതിയത്. രാജിയിലൂടെ എന്റെ പ്രസ്ഥാനവും മുന്നണിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും ഉയർത്തുന്ന ഉന്നതമായ രാഷ്ട്രീയ ധാർമ്മികതയാണ് ഞാൻ ഉയർത്തിപ്പിടിച്ചിട്ടുള്ളത്. 43 വർഷത്തെ സുതാര്യമായ എന്റെ പൊതുജീവിതത്തിൽ നിരവധി ചുമതലകളും ഉത്തരവാദിത്വങ്ങളും എന്റെ പ്രസ്ഥാനവും ജനങ്ങളും എന്നെ ഏൽപ്പിച്ചു. ഈ ഘട്ടങ്ങളിലെല്ലാം ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടും നീതിന്യായ വ്യവസ്ഥയെ ബഹുമാനിച്ചുകൊണ്ടുമുള്ള നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. ഖേദകരമെന്ന് പറയട്ടെ, ഭരണഘടന ശിൽപിയായ ബി.ആർ. അംബേദ്ക്കറിനെ പോലും ഞാൻ അപമാനിച്ചുവെന്ന നിലയിൽ പറയാത്ത കാര്യം പ്രചരിപ്പിക്കുകയുണ്ടായി. ദേശീയ പ്രസ്ഥാനത്തിന്റെ ധീഷണശാലിയായ ഭാരതരത്നം ഡോ. ബാബാസാഹിബ് അംബേദ്കർ, ഭരണഘടനാ ശില്പിയായ അദ്ദേഹത്തെപ്പോലും ആക്ഷേപിക്കുന്ന തരത്തിൽ നുണപ്രചരണങ്ങൾ നടന്നു. അധഃസ്ഥിത വർഗ്ഗത്തിനുവേണ്ടി

പോരാട്ടുന്നതിനോടൊപ്പം തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾക്കുവേണ്ടിയും അദ്ദേഹം നിലകൊണ്ടതായി ഞാൻ വിശ്വസിക്കുന്നു. തൊഴിലാളിയുടെ അവകാശങ്ങൾ കവരുവാൻ കൊണ്ടുവന്ന Industrial Dispute Bill -നെ ബോംബെ അസംബ്ലിയിൽ അദ്ദേഹം എതിർത്തു. ബ്രിട്ടീഷ് സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുമായി ചേർന്ന് നടത്തിയ മാർച്ചും, സമര പരിപാടികളും ചരിത്രത്തിന്റെ ഭാഗമാണ്. ഭരണഘടന ശിൽപ്പിയെന്ന വിശേഷണത്തോടൊപ്പം ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ സംരക്ഷകനെന്ന വിശേഷണം കൂടി അംബേദ്കറിന് അനുയോജ്യമാകുമെന്ന് ഞാൻ കരുതുകയാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, ഈ വിധത്തിലുള്ള തത്വങ്ങളെ അംഗീകരിച്ച് പാർശ്വവൽക്കരിക്കപ്പെട്ട, ജാതീയമായി അടിച്ചമർത്തപ്പെട്ടതുമായ ഇന്ത്യയിലെ കോടാനുകോടി ജനങ്ങളെ കൈ പിടിച്ചുയർത്തുന്നതിൽ മുഖ്യപങ്കുവഹിച്ച വ്യക്തിത്വമാണ് ബി.ആർ. അംബേദ്കർ എന്ന് വിശ്വസിക്കുന്ന എന്റെ വിശ്വാസത്തെ പോലും ചോദ്യം ചെയ്യുന്ന, പറയാത്ത കാര്യങ്ങൾ പരാമർശിച്ചതിലുള്ള വേദനയും, ദുഃഖവും ഈ അവസരത്തിൽ അറിയിക്കുകയാണ്. പിണറായി സർക്കാരിന്റെ

വികസന ജനക്ഷേമ പ്രവർത്തനങ്ങൾ കേരള ജനതയുടെ പ്രതീക്ഷയാണ്. ആ പ്രതീക്ഷ തകർക്കാമെന്ന് ചിലർ വ്യാമോഹിക്കുന്നു. ആ വ്യാമോഹം കേരള ജനത അംഗീകരിക്കില്ല, അനുവദിക്കില്ല. പിണറായി സർക്കാരിന്റെ ജനക്ഷേമ നിലപാടുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങളോടൊപ്പം മുൻനിരയിൽത്തന്നെ ഞാനുണ്ടാകുമെന്നകാര്യം പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. 43 വർഷം കൊണ്ട് ഒരുപാട് ആക്രമണങ്ങളും പ്രയാസങ്ങളും, പ്രതിസന്ധികളും എന്റെ ചെറുപ്രായം മുതൽ നേരിട്ട് വളർന്നു വന്നൊരു വ്യക്തിയാണ് ഞാൻ. ഇതിനെയെല്ലാം അതിജീവിച്ചും ഈ ആക്രമണങ്ങളെയെല്ലാം കണ്ടും എന്റെ പ്രസ്ഥാനം ഏൽപ്പിച്ച ചുമതല ഞാൻ നിർവ്വഹിച്ചിട്ടുണ്ട്. എത്ര ആക്രമണം നേരിട്ടാലും ഈ സർക്കാരിന്റെ പ്രവർത്തനങ്ങളും, എന്റെ മഹാ പ്രസ്ഥാനത്തിന്റെ നിലപാടുകളും എന്നും ഉയർത്തിപ്പിടിച്ച് ജനങ്ങളോടൊപ്പം ചേർന്നുനിന്ന് പ്രവർത്തിക്കുമെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഒരിക്കൽക്കൂടി എല്ലാവരോടുംകൂടി ഞാൻ പറയുന്നു, മല്ലപ്പള്ളിയിലെ പ്രസംഗത്തിനിടയിൽ പറഞ്ഞകാര്യങ്ങൾ ശക്തിയായി അവതരിപ്പിച്ചപ്പോൾ അത് ഏതെങ്കിലും രീതിയിൽ തെറ്റായി വ്യാഖ്യാനിക്കപ്പെടാനും ഞാൻ ഉദ്ദേശിക്കാത്ത കാര്യങ്ങൾക്ക് പ്രചരണം

ലഭിക്കുവാനും ഇടവന്നിട്ടുണ്ടെങ്കിൽ അത് വ്യക്തിപരമായി, ആത്മാർത്ഥമായി രാജ്യത്തോടുള്ളക്കൂറും പ്രതിബദ്ധതയും നിലനിർത്തിക്കൊണ്ടും ഭരണഘടനയോടുള്ള വിശ്വസ്തത നിലനിർത്തിക്കൊണ്ടും ഞാൻ വീണ്ടും ആവർത്തിച്ച് പറയുന്നു അതിൽ ഞാൻ അതിയായ ദുഃഖവും എന്റെ ഖേദവും അറിയിക്കുന്നു.